*Uncorrected / Not for publication*
*23-06-2026*

*Notice for adjournment motion (Contn....)*

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ് (തുടർച്ച)**

പ്രതിപക്ഷ നേതാവ് (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഞാൻ നേരത്തെ സംസാരിക്കുമ്പോൾ ഒരു ബക്കാഡി കമ്പനിയെപ്പറ്റി പറഞ്ഞിരുന്നു. ബക്കാഡി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്...

<u>മി. സ്പീക്കർ</u>: അങ്ങ് ദയവായി മെറിറ്റിലേക്ക് പോകരുത്. അങ്ങയുടെ എല്ലാ സീനിയോരിറ്റിയും അംഗീകരിച്ചുകൊണ്ട് പറയുകയാണ്. ദയവായി അങ്ങ് മെറിറ്റിലേക്ക് പോകരുത്. നമ്മുടെ കീഴ്വഴക്കങ്ങളാണ് പ്രശ്നം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, 2023-ലാണ് നികുതി വകുപ്പിന് ഒരു അപേക്ഷ നൽകുന്നത്. ആ ഗവൺമെന്റ് ഇതുസംബന്ധിച്ച് ഒരു തീരുമാനവും എടുത്തിട്ടില്ല. അങ്ങയെപ്പോലൊരാൾ ശ്രദ്ധിക്കേണ്ടൊരു കാര്യമാണ് ഞാൻ പറയുന്നത്. പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്ന്....(ബഹളം)

<u>മി. സ്പീക്കർ</u>: നിങ്ങൾ അവിടെ ഇരിക്കൂ... പ്രതിപക്ഷ നേതാവാണ് സംസാരിക്കുന്നത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, 21-05-2026 ആകുമ്പോഴേക്കും ഏഴ് ഉദ്യോഗസ്ഥർ ശരവേഗതയിൽ ഈ ഫയൽ കാണുകയാണ്. എന്താണിത്? എത്ര വേഗതയിലാണ് കാര്യങ്ങൾ നീങ്ങുന്നത്. കൃത്യമായ അഴിമതിയുടേതാണ് ഈ പ്രശ്നം. അക്കാര്യം ചർച്ച ചെയ്യാൻ സർക്കാരിന് വിഷമമുണ്ടാകുമെന്നത് വ്യക്തമാണ്. ഗവൺമെന്റ് സമ്മതിക്കാത്ത ഈ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം മുഴക്കി സഭയിൽ നിന്ന് പുറത്ത് പോകുകയും അല്പസമയത്തിനുശേഷം തിരികെ വരികയും ചെയ്തു)

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, സാധാരണഗതിയിൽ സഭയിൽ ബഹുമാനപ്പെട്ട സ്പീക്കർ റൂൾ 50 നിഷേധിച്ചുകഴിഞ്ഞാൽ വാക്കൗട്ട് പ്രസംഗമാകാം. ഞാൻ മുമ്പ് പ്രതിപക്ഷ നേതാവായിരുന്നു. പക്ഷേ, ആ കേസിന്റെ മെറിറ്റിലേക്ക്.., റൂൾ 50 നോട്ടീസിലെ മുഴുവൻ കാര്യങ്ങളും അദ്ദേഹം പ്രസംഗിച്ചു.

*Notice for adjournment motion (Contn....)*

ഇത്തരത്തിൽ അവസരം നൽകിയത് ശരിയാണോ; ഞങ്ങൾക്കിവിടെ മറുപടി പറയാനുള്ള അവസരമുണ്ടോ? ബിസിനസ് റൂൾസ് അനുസരിച്ച് അത് തെറ്റാണ്. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് രേഖയിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: ഞാൻ അക്കാര്യം പരിശോധിച്ചതിനുശേഷം സഭയെ അറിയിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, സഭയിൽ റൂൾ 50-ന് നോട്ടീസ് നൽകിയിട്ട് ആക്ഷേപമോ ആരോപണങ്ങളോ ഉന്നയിക്കാൻ പാടില്ല. അത് റൂൾ 52-ൽ വ്യക്തമായി പറയുന്നുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുകയാണെങ്കിൽപ്പോലും ഉന്നയിക്കാൻ പാടില്ല. റൂൾ 50-ന്റെ നോട്ടീസ് അങ്ങ് അനുവദിക്കുകയാണെങ്കിൽ പോലും റൂൾ 52 അനുസരിച്ച് ഒരു ആരോപണവും ഉന്നയിക്കാൻ പാടില്ല. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഇന്ന് റൂൾ 50-ന്റെ നോട്ടീസ് നിഷേധിച്ചിട്ടും അദ്ദേഹം എഴുന്നേറ്റുനിന്ന് ആരോപണങ്ങൾ ഉന്നയിക്കുകയാണ് ചെയ്തത്. അതുകൊണ്ട് ആരോപണങ്ങളൊന്നുംതന്നെ രേഖയിലുണ്ടാകാൻ പാടില്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഞങ്ങൾക്ക് ഗവൺമെന്റ് സൈഡിൽ നിന്നും മറുപടി പറയാൻപോലും അവസരം ലഭിക്കാത്തൊരു കാര്യമാണ്. റൂൾ 52-ന്റെ വയലേഷനാണ് സഭയിൽ നടന്നിരിക്കുന്നത്. ഒരു കാരണവശാലും രേഖയിലുണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: അത് പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുന്നതാണ്.